# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം.(പി3)994/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/09/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം.(പി3)994/21 തീയ്യതി: 13/09/2021

## എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 14-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 18-07-2021 |
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീ വിനീത് ആർ, ഓഡിറ്റ് ഓഫീസർ

2)ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ

3)കുമാരി മേഴ്സി കെ പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

4)ശ്രീ ടിനു കെ ജെ, ഓഡിറ്റർ

5)ശ്രീ ഹരീഷ് പി ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രജിത സജീവ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സഞ്ജയ് പ്രഭു ഡി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനുജ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ലക്ഷ്മി ദേവി പി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സിന്ധു വി ശങ്കർ | ഐ.സി,ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലിജി കെ വി | വി.ഇ.ഒ അയ്യമ്പിള്ളി | 01-04-2019 | 30-09-2019 |
| ശ്രീമതി ഷൈമ എം എസ് | വി.ഇ.ഒ അയ്യമ്പിള്ളി | 01-10-2019 | 31-03-2020 |
| ശ്രീ യേശുദാസ് സി എ | വി.ഇ.ഒ കുഴുപ്പിള്ളി | 01-04-2019 | 30-09-2019 |
| ശ്രീമതി സീമ ടി ആർ | വി.ഇ.ഒ കുഴുപ്പിള്ളി | 01-10-2019 | 31-03-2020 |
| ഡോ സുസ്മിതാ ഭായ് എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ ലെംസി ഫ്രാൻസിസ് പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ നീമ ബേസിൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ ശരൺ എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 18-07-2019 |
| ശ്രീമതി ലിജി ടി എൻ | അസിസ്റ്റന്റ് എൻജിനീയർ | 19-07-2019 | 31-03-2020 |
| ശ്രീ രതീഷ് ബാബു സി എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലീന തോമസ് | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-1 |
| 2 | ബജറ്റ് സംബന്ധിച്ച അപാകതകൾ<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-3 |
| 6 | ഫണ്ടുവിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-5 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-9 |
| 12 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-10 |
| 13 | വിമുക്തഭടന്മാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് നൽകിയതിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-11 |
| 14 | ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-12 |
| 15 | വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക് ഹാജരാക്കിയില്ല<br>Written By: Mercy KP (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-13 |
| 16 | ഫണ്ട് മൊബിലൈസേഷൻ - നിർദ്ദേശങ്ങൾ<br>Written By: Hareesh P.R (Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-14 |
| 17 | ലൈഫ് പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Hareesh Babu .N (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | |
| 18 | എസ്.എസ്.എ.യ്ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-16 |
| 19 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-17 |
| 20 | കരാറുകാർ ജി എസ് ടി ഇൻവോയ്സ് ഹാജരാക്കുന്നില്ല<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-18 |
| 21 | ആസ്തി സംരക്ഷണം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-19 |
| 22 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-20 |
| 23 | ആസൂത്രണ സമിതി യോഗം കൃത്യമായി ചേരുന്നില്ല<br>Written By: R.Vineeth (Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 1-21 |
| 24 | ഗ്രാമസഭ സംബന്ധിച്ച അപാകതകൾ<br>Written By: TINU K.J. (Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 06-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 24-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |

| | | |
|---|---|---|
| | വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 28.02.2019 തീയതിയിലെ 1/1 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 135604380 | 138938000 |
| വാർഷിക കണക്ക് പ്രകാരം | 42278224 | 46021000 |

### 1-1-1 ബജറ്റ് സംബന്ധിച്ച അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ ബജറ്റ്, ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ് 135604380 രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 42278224 രൂപ മാത്രമാണ്. യാഥാർത്ഥ്യവുമായി വലിയ വ്യത്യാസം കാണുന്നു.

2) തദ്ദേശ സ്വയം ഭരണ വകുപ്പ് 02.12.2016ലെ ജി.ഒ(ആർ.ടി)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3) ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-2020-ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4) താഴെ പറയും പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് സാമൂഹ്യക്ഷേമ ചെലവിനും ബജറ്റിൽ വിഭാവന ചെയ്തിരുന്നെങ്കിലും വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകൾ ബജറ്റിൽ വിഭാവന ചെയ്തിരുന്നതിലും വളരെ കുറവായി കാണുന്നു.

| ക്രമ നം. | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാര മുള്ള വകയി രുത്തൽ | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 1 | 252200101 | റോഡ് | 3500000 | 82305 |
| 2 | 410300101 | റോഡ് | 6233500 | 1786326 |
| 3 | 251300601 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 850000 | 719439 |
| 4 | 2513005 | വൃദ്ധ ക്ഷേമ പരിപാടികൾ | 430650 | 0 |
| 5 | 251300901 | വനിതാ ക്ഷേമ പരിപാടി | 225000 | 56000 |
| 6 | 251420101 | അങ്കണവാടി പശ്ചാത്തല സൗകര്യങ്ങൾ | 100000 | 8938 |
| 7 | 251420201 | അങ്കണവാടി അനുബന്ധ സൗകര്യങ്ങൾ | 400000 | 102200 |

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിന് നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 18.06.2020 |

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) വാർഷിക ധനകാര്യ പത്രിക ബി11 പത്രിക പ്രകാരം 31.03.2020 തീയതി വരെയുള്ള സ്ഥാപനത്തിന്റെ ആകെ ആസ്തിമൂല്യം 3,02,992/-രൂപയാണ്. എന്നാൽ 31.03.2020 തീയതി വരെ മൂലധന ചെലവുകൾക്കായി സ്ഥാപനം 21,61,437/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി ആർജ്ജിക്കുന്നതിനായി സ്ഥാപനം ചെലവഴിച്ച തുകയും ആസ്തി മൂല്യവും തമ്മിൽ 18,58,445/-രൂപയുടെ വ്യത്യാസം ഉണ്ട്. തനത് ഫണ്ട് ചെലവഴിച്ച് ആർജ്ജിച്ച ആസ്തികളുടെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ 18,58,445/-രൂപ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദീകരിച്ചു. എന്നാൽ 2019-20 വാർഷിക ധനകാര്യ പത്രികയിലെ വർക്ക് ഇൻ പ്രോഗ്രസ്സ് പൂജ്യം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

2) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടിന്റെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1,95,287/- രൂപ 2019-20ലും, 2020-21ലും ചെലവഴിച്ചിട്ടില്ല. 18-19 ലെ B4 ഷെഡ്യൂൾ പ്രകാരവും ഈ തുക നീക്കിയിരിപ്പുണ്ടായിരുന്നു. പദ്ധതി നിർവഹണത്തിനായി ബ്ലോക്കിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ സാംഖ്യ ആരംഭിച്ച വർഷം മുതൽ ഈ തുക പ്രാരംഭ ബാക്കിയായി നിലവിലുണ്ടായിരുന്നുവെന്നും,ഏത് ഫണ്ടാണിതെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നുമാണ് വിശദീകരിച്ചത്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. തിരികെ അടയ്ക്കാനുള്ള തുകയാണെങ്കിൽ എത്രയും വേഗം അടയ്ക്കേണ്ടതുമാണ്.

3) 2019-20 ലെ ഷെഡ്യൂൾ RP-43 പ്രകാരം Recievables For Property Tax On Non Residential Buildings (Arrear) 32/- രൂപയാണ്. എന്നാൽ 2018-19 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം Recievables For Property Tax On Non Residential Buildings (Arrear) കുടിശ്ശികയായി കാണിച്ചിട്ടുള്ളത് 85,295/- രൂപയാണ്. 2019-20ലെ ബാലൻസ് ഷീറ്റ് B-15 പ്രകാരം കുടിശ്ശിക പിരിച്ചെടുക്കാൻ 1,28,615/-രൂപ ബാക്കിയുള്ളതായും കാണിച്ചിട്ടുണ്ട്. കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ ഉണ്ടായ വ്യത്യാസമാണെന്ന് വിശദീകരിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

4) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2) ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ അടുത്ത വർഷം മുതൽ ആവശ്യമായ രേഖകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5) 2019-20 ലെ തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഡിമാൻഡും കളക്ഷനും രേഖപ്പെടുത്തിയത് 8,47,610/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകളിൽ I-1, RP-1 സ്റ്റേറ്റുമെന്റുകളിൽ ഈ ഇനത്തിൽ ഡിമാൻഡ്, കളക്ഷൻ എന്നിവ കാണിച്ചിരിക്കുന്നത് യഥാക്രമം 860610/- രൂപ, 8,47,610/- രൂപ എന്നിങ്ങനെയാണ്. വ്യത്യാസം 13,000/-രൂപയാണ്. എന്നാൽ തൻവർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ ഈ ഇനത്തിൽ കുടിശ്ശികയൊന്നും കാണിച്ചിട്ടില്ല. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാപന എന്ന സോഫ്റ്റ്‌വെയർ മുഖേന ചെയ്തതിനാൽ ആയതു കാരണം വന്ന വ്യത്യാസമാണെന്ന് വിശദീകരിച്ചു. ഈ അപാകത പരിഹരിക്കേണ്ടതാണ്.

6) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി.വായ്പ ഇനത്തിൽ 1,52,20,588/-രൂപ നീക്കിയിരിപ്പുണ്ട്. ബി-5 ഷെഡ്യൂൾ ബി-16 ഷെഡ്യൂളുമായി പൊരുത്തപ്പെടേണ്ടതാണ്. ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂൾ പ്രകാരം Secured Loans -Loan From KURDFC എന്ന ഹെഡിൽ 1,45,60,000/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B-16 ഷെഡ്യൂളിലെ Prepaid Expences ഹെഡിൽ തുക ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ലായെന്നും, എ.സി.ആറിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും വിശദീകരിച്ചു. ബി-5 ഷെഡ്യൂൾ ബി-16 ഷെഡ്യൂളുമായി പൊരുത്തപ്പെടേണ്ടതാണ്.

7) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 37,42,776/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 57,19,967/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. ഈ അപാകതയ്ക്ക് ലഭിച്ച മറുപടിയിൽ അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 17179712.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 42278224.00 |
| ആകെ | | 59457936.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 46021000.00 |
| നീക്കിയിരിപ്പ് | | 13436936.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0.00 |

## 1-4 ഫണ്ടുവിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8807294 | 8807294 | 5315722 | 3491572 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6099176 | 6099176 | 2639250 | 3459926 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 16647 | 16647 | 12895 | 3752 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7666020 | 7666020 | 2696860 | 4969160 |
| മെയിന്റനൻസ്, റോഡ് | 0 | 3699000 | 3699000 | 1242272 | 2456728 |
| മെയിന്റനൻസ്-റോഡിതരം | 0 | 3251000 | 3251000 | 3127824 | 123176 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 216957 | 360906 | 577863 | 443381 | 134482 |
| സാനിട്ടേഷൻ | 24857 | 1007 | 25864 | 0 | 25864 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 2488682 | 0 | 2488682 | 571623 | 1917059 |
| ലൈഫ് ഭവന | 0 | 5600000 | 5600000 | 5600000 | 0 |

| | | | | | |
|---|---|---|---|---|---|
| പദ്ധതി | | | | | |
| ജനകീയ ഭവന പദ്ധതി | 180115 | 35179 | 215294 | 0 | 215294 |
| സാക്ഷരത | 3809 | 131 | 3940 | 0 | 3940 |
| വിമുക്തി | 30321 | 3000 | 33321 | 30321 | 3000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 31856149 | 135 | 16347059 | 27 | 11 | 73.97% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 160924 | 950489 | 1111413 | 764055 | 347358 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 13216131 | 13216131 | 13216131 | 0 |
| ആകെ | 160924 | 14166620 | 14327544 | 13980186 | 347358 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36960 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 1348200 | 162 |
| വിധവാപെൻഷൻ | 4152000 | 479 |
| വാർദ്ധക്യകാലപെൻഷൻ | 7427100 | 1006 |
| വികലാംഗപെൻഷൻ | 1211600 | 146 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 437400 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഫയൽ ട്രാക്കിംഗ്

ആകെ 4203 തപാലുകളാണ് പഞ്ചായത്തിൽ ഓഡിറ്റ് വർഷം ലഭിച്ചത്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷനുകൾ എല്ലാ തപാലുകളും സ്വീകരിച്ച് ഒപ്പുവെയ്ക്കുന്നതായി കാണുന്നില്ല. സൂചന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ നിലവിൽ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. എന്നാൽ സൂചിക സോഫ്റ്റ് വെയർ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താനാകാത്തതിനാൽ തപാലുകൾ പുട്ട്അപ്പ് ചെയ്യുന്നത് നിലിവിൽ കൃത്യമായി ട്രാക്ക് ചെയ്യപ്പെടുന്നില്ല.

സേവനങ്ങളുടെ നിരീക്ഷണ സംവിധാനം കൃത്യമല്ല

ഓരോ ദിവസവും നല്കേണ്ട സേവനങ്ങളുടെ വിവരം ഉൾക്കൊള്ളുന്ന ഫ്രണ്ട് ഓഫീസ് ഡയറി പ്രിന്റ് എടുത്ത് നിരീക്ഷിക്കുന്നില്ല. അതിനാൽ സേവനാവകാശ നിയമ പ്രകാരമുള്ള അവസാന തീയതിക്കകം സേവനങ്ങൾ നല്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020-ഡിസംബർ 2020 | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2018 മുതൽ 13.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 21.07.2018 |

## 1-10 ഓഡിറ്റ് ഇംപാക്റ്റ്

കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന്, താഴെപ്പറയുന്ന തുകകൾ അടവാക്കുകയുണ്ടായി.

A) ലൈസൻസ് ഫീസ് കുറവായി അടവാക്കിയ 12 സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് 22-07-2021 ലെ എൻക്വയറി നമ്പർ 3 മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന്, 23-7-2021ൽ 121020100438 മുതൽ 121020100449 വരെയുള്ള രസീത് നമ്പറുകൾ പ്രകാരം ആകെ 2000/- രൂപ ഫീസ് ഈടാക്കിയിട്ടുണ്ട്.

B) 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് 19.07.2021 ൽ 2-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| എൻക്വയറി നം. / തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 2/ 19.07.2021 | തൊഴിൽ നികുതി | 121020100464 / 26.07.2021 | 250/- |
| 2/ 19.07.2021 | തൊഴിൽ നികുതി (പിഴ പലിശ) | 121020100465 / 26.07.2021 | 655/- |

## 1-11 വിമുക്തഭടന്മാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവ് നൽകിയതിലെ അപാകതകൾ

02.07.2013 തീയതിയിലെ സ.ഉ.(എം.എസ്)നം.242/2013 പ്രകാരം വിമുക്ത ഭടന്മാരുടെ ഒരു വീടിനു മാത്രമേ വസ്തു നികുതി ഒഴിവാക്കി നൽകാനാവൂ. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ വിമുക്തഭടനായ ശ്രീ. സുഭാഷ്.എം.കെ, മണ്ണാളിൽ, കുഴുപ്പിള്ളി എന്ന വ്യക്തിയുടെ പേരിലുള്ള രണ്ട് വീടുകൾക്ക് (3/137,3/138) വസ്തു നികുതി ഒഴിവാക്കി നൽകിയതായി കണ്ടു. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുന്നതിനായി 25.07.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് ലഭ്യമാക്കിയ മറുപടി വർഷംതോറും നൽകി വരുന്ന

സാക്ഷ്യപത്രങ്ങളിൽ വീട്ടുകളുടെ നമ്പർ മാറി രേഖപ്പെടുത്തിയത് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ്. ഇങ്ങനെ ഒഴിവാക്കപ്പെട്ട കാലയളവിലെ വസ്തു നികുതി (2020-21 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വാർഷത്തിലെ ഒഴികെ) ടിയാൾ തിരിച്ചടയ്ക്കുകയുണ്ടായി. പഞ്ചായത്തിലെ സോഫ്റ്റ് വെയറിലെ പ്രശ്നങ്ങൾ മൂലമാണ് 2020-21 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വാർഷത്തിലെ നികുതി തുക തിരിച്ചടയ്ക്കാൻ സാധിക്കാത്തത് എന്ന് പഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തിരിച്ചടയ്ക്കാനുള്ള തുക മുഴുവനായും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം ഇളവുകൾ അനുവദിക്കുമ്പോൾ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയതിൽ ചില ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഇവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. | കെട്ടിട നം. | പേര് |
|---|---|---|---|
| 1 | 133 | 2/252 | എ.എം.എസ്&കോ അയ്യമ്പിള്ളി |
| 2 | 90 | 8/92,93 | എം.ആർ സ്റ്റോഴ്സ് കുഴപ്പിള്ളി |
| 3 | 3 | 3/166 | ഔട്ട് ലെറ്റ് ഇൻ ചാർജ്ജ് സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് കുഴപ്പിള്ളി |
| 4 | 72 | 7/224 | ഗണേശ് ഇലക്ട്രിക്കൽസ് കുഴപ്പിള്ളി |
| 5 | 155 | 12/160 | ഡെൽ ബിൽഡിംഗ് ഡിസൈനേഴ്സ് കുഴപ്പിള്ളി |
| 6 | 156 | 3/185 | ചിത്തിര ബേക്കറി കുഴപ്പിള്ളി |
| 7 | 71 | 7/223 | പ്രസന്നൻ സ്റ്റോഴ്സ് കുഴപ്പിള്ളി |

ലൈസൻസ് ഫീസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷകൾ പൂർണ്ണമാണോ എന്നും, മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും പരിശോധിച്ചുറപ്പ് വരുത്തേണ്ടതാണ്.

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കുറവായി അടവാക്കിയ 12 സ്ഥാപനങ്ങളിൽ നിന്നും എൻക്വയറി നമ്പർ 3 നൽകിയത് വഴി യഥാർത്ഥ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 1-10 ഓഡിറ്റ് ഇംപാക്ടിൽ ചേർത്തിട്ടുണ്ട്.

## 1-13 വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഓഡിറ്റ് പരിശോധനയ്ക്കായി വാടക സംബന്ധിച്ച ബൈലോ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. ബൈലോ നിലവിലില്ല എങ്കിൽ ചട്ടപ്രകാരം ആയത് രൂപീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഫണ്ട് മൊബിലൈസേഷൻ - നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ നികുതികൾ, ഫീസുകൾ, വാടകകൾ എന്നിവ സമയാധിഷ്ഠിതമായി പിരിച്ചെടുക്കുന്നതിലെ അപാകതകൾ പലപ്പോഴും വരുമാന നഷ്ടം വരുത്തിവയ്ക്കുന്നുണ്ട്. ലൈസൻസ് ഫീസ്, തൊഴിൽ നികുതി, വാടകകൾ എന്നിവ പിരിക്കുമ്പോൾ മുൻകാലങ്ങളിൽ സംഭവിച്ച

അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 629 വാണിജ്യ കെട്ടിടങ്ങൾ ഉള്ളതായി സഞ്ചയയിൽ കാണുന്നു. എന്നാൽ ഇതിൽ 188 സ്ഥാപനങ്ങളാണ് 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്. ടി കെട്ടിടങ്ങളിൽ പലതും പ്രവർത്തനരഹിതമാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി. എന്നാൽപ്പോലും നിലവിൽ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്. ലൈസൻസ് ഫീസ് ഇനത്തിൽ നിന്നും ലഭിക്കേണ്ട വരുമാനം കൃത്യമായും പിരിച്ചെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ള 188 സ്ഥാപനങ്ങളിൽ സൂപ്പർമാർക്കറ്റ്, ഹോട്ടലുകൾ, മെഡിക്കൽ ഷോപ്പുകൾ, ഹോമിയോ ക്ലിനിക്ക്, സിനിമാ തീയറ്റർ, റിസോട്ട് എന്നിവ ഉൾപ്പെടുന്നു. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 34 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസ് എടുത്തിരിക്കുന്ന മിക്ക സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ ഇടാക്കിയിരിക്കുന്ന വാർഷിക തുകകൾ വളരെ കുറവാണ്. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ വച്ച് ടി സ്ഥാപങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹാളുകളുടെ വാടക പിരിക്കുന്നതിനായി അംഗീകൃത ബൈലോ നിലവിലില്ല. ഓരോ ഹാളിനും അവയുടെ വലുപ്പം അനുസരിച്ച് പല വാടക നിരക്കാണുള്ളത്. വാടക പിരിക്കുന്നത് സംബന്ധിച്ച് ബൈലോ നിർമ്മിക്കേണ്ടതും, വാടക നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സാധിക്കുമോ എന്നത് പഞ്ചായത്ത് കമ്മറ്റി പരിശോധിക്കേണ്ടതുമാണ്.

## 1-15 ലൈഫ് പദ്ധതി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന നിർമ്മാണം (ജനറൽ) - സ്പിൽ ഓവർ |
| പ്രോജക്റ്റ് നമ്പർ | എസ് 00120/20 |
| അടങ്കൽ | ₹ 22580000/-<br>( 1800000- ജില്ലാ പഞ്ചായത്ത്, വായ്പ 4220000) |
| ചെലവ് | ₹ 6020000/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുഴപ്പിള്ളി |

ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| ആകെ അപേക്ഷകർ | കരാർ വെച്ചവർ | പണി പൂർത്തിയാക്കിയവർ | പൂർത്തിയാക്കാൻ ബാക്കിയുള്ളവർ |
|---|---|---|---|
| 105 | 84 | 82 | 2 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്.

പരിശോധിച്ച ഫയലുകളിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില അപാകതകൾ താഴെ കൊടുക്കുന്നു.

1. ശ്രീമതി. ജഗദംബിക, കളപ്പുരയ്ക്കൽ, അയ്യമ്പിള്ളി എന്ന ഗുണഭോക്താവിന് ഫയലിലെ ഒപ്പിട്ട രസീതുകൾ പ്രകാരം 3ലക്ഷം രൂപ നൽകിയിട്ടുണ്ട് (കരാർ ചമച്ച തീയതി 20.07.2018). ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ബാക്കി തുക കൈപ്പറ്റിയിട്ടില്ല.

| നൽകിയ തുക | ബിൽ, ചെക്ക് നമ്പർ/ തീയതി |
|---|---|
| 40000 | 01/19-20,16.07.2019 |
| | |

| | |
|---|---|
| 160000 | 173496/16.03.2020 |
| 100000 | 173501/21.07.2020 |

2. ശ്രീമതി. ലക്ഷ്മിക്കുട്ടി ശിവൻ (അനിൽ കെ എസ്), കോഴിക്കൽ, അയ്യമ്പിള്ളി എന്ന ഗുണഭോക്താവിന് 3ലക്ഷം രൂപ നൽകിയിട്ടുണ്ട് (കരാർ ചമച്ച തീയതി 05.02.2019). പൂർത്തീകരണ സാക്ഷ്യപത്രം, പൂർത്തീകരണ ഫോട്ടോ. ഉടമാസ്ഥാവകാശ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല.

| നൽകിയ തുക | ബിൽ, ചെക്ക് നമ്പർ/ തീയതി |
|---|---|
| 40000 | 173477/29.03.2019 |
| 160000 | 173499/11.06.2020 |
| 100000 | 173503/22.10.2020 |

3. ലൈഫ് രജിസ്റ്ററിൽ ബിൽ നമ്പർ, ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. മിക്ക ഫയലുകളിലും പൂർത്തീകരണ സാക്ഷ്യ പത്രം വെയ്ക്കുന്നില്ല.

4. ഗുണഭോക്താക്കളുടെ യു.ടി.ആർ സ്റ്റേറ്റുമെന്റ്, ബാങ്കിൽ നിന്നുള്ള Credited എന്ന സ്റ്റേറ്റുമെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.4/22.07.21) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വീട്ടു പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താവിന് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 3,4 ൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ കൂടി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 എസ്.എസ്.എ.യ്ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.എ വിഹിതം അടവാക്കൽ,S0001/20 |
| നിർവഹണം | സെക്രട്ടറി |
| ചെലവ് വിവരം(ബിൽ നമ്പർ,തീയതി) | 45,0000/- വികസനഫണ്ട് ജനറൽ (12/19-20,13.08.2019) |

2019-20 സാമ്പത്തിക വർഷം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് എസ്.എസ്.എയ്ക്ക് 4,50,000/-രൂപ വിഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതു വിധത്തിൽ വിനിയോഗിച്ചുവെന്ന് പരിശോധിച്ചിട്ടില്ല. എസ് എസ് കെ, ജില്ലാ പ്രോജക്ട് ഓഫീസർ 25.08.19 ന് നൽകിയ വിവിധപദ്ധതികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പത്രികയിൽ 2019-20 വർഷം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിവിഹിതം ₹ 6,95,200/-രൂപയാണെന്നും, ഈ തുക വിവിധ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതായും പറഞ്ഞിട്ടുണ്ട്. എന്നാൽ പത്രികയിൽ പറഞ്ഞ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ചെയ്തതാണെന്ന വിവരവും, എവിടെയാണ് നടത്തിയതെന്ന വിവരവും തുക ചെലവഴിച്ചതിന്റെ മോണിട്ടറിംഗ് വിവരങ്ങളും ഫയലിൽ ലഭ്യമല്ല. നൽകിയ തുകയുടെ വിശദമായ വിനിയോഗ വിവരങ്ങളും തുക വകയിരുത്തിയതിന്റെ വിശദവിവരങ്ങളും ഓഡിറ്റിന് നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.11/27.07.21)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഏതൊക്കെ സ്കൂളുകളിൽ ചെയ്തതാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. ഈ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷം പെൻഷൻ വിതരണത്തിനായി കുഴുപ്പിള്ളി സർവ്വീസ്

സഹകരണ ബാങ്കിന് തുക അനുവദിച്ചതായി കാണുന്നു. ഈ തുക നാളിതുവരെയും വിതരണം ചെയ്തിട്ടില്ല. ബാങ്ക് അക്കൗണ്ടിൽ തുക സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ | പെൻഷൻ ഐ.ഡി | മരിച്ച തീയതി | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | രാമകൃഷ്ണൻ ടി വി, തയ്യപ്പാടത്ത്, കുഴപ്പിള്ളി | വാർദ്ധക്യം | 106640210954 | 05.12.2018 | 4400 |
| 2 | സുഭദ്ര ഗോപി, ചുളക്കപ്പറമ്പിൽ, കുഴപ്പിള്ളി | വാർദ്ധക്യം | 106640210684 | 22.02.2019 | 5600 |
| 3 | രാജമ്മ ഗംഗാധരൻ, ഊർക്കോലിൽ, കുഴപ്പിള്ളി | വാർദ്ധക്യം | 106640210735 | 02.03.2019 | 7500 |
| 4 | ബേബി നാരാണൻകുട്ടി, പള്ളത്ത്, ചെറുവൈപ്പ് | വാർദ്ധക്യം | 106640211471 | 13.03.2019 | 5600 |
| 5 | സുകുമാരൻ കെ ആർ വൈറ്റില, അയ്യമ്പിള്ളി | വാർദ്ധക്യം | 106640211474 | 28.12.2019 | 8500 |
| 6 | ഇന്ദിര സുഗതൻ, പള്ളത്ത്, കുഴപ്പിള്ളി | വിധവ | 106640611037 | 02.09.2019 | 10900 |
| 7 | സുബ്രഹ്മണ്യൻ, വടക്കേടത്ത്, അയ്യമ്പിള്ളി | വാർദ്ധക്യം | 106640210721 | 15.02.2020 | 10500 |
| 8 | ദാസൻ, നികത്തിൽ, കുഴപ്പിള്ളി | വാർദ്ധക്യം | 106640211343 | 22.02.2020 | 1800 |
| 9 | തങ്കപ്പൻ കെ കെ, കപ്പിത്തറ, അയ്യമ്പിള്ളി | വാർദ്ധക്യം | 106640210885 | 25.02.2020 | 8500 |
| ആകെ | | | | | 63300 |

അനർഹമായ 63,300/- രൂപ പെൻഷൻ വിതരണത്തിനായി കുഴപ്പിള്ളി സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്ക് യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട 9 ഗുണഭോക്താക്കൾക്ക് അനുവദിച്ച 63,300/-രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റെ 05.11.2020 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 വർഷം അനർഹമായതിൽ പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ സസ്പെന്റ് ചെയ്യാതിരുന്നതും നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 63,300/-രൂപ സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/16.07.21) ലഭിച്ച മറുപടിയിൽ 50,600/-രൂപ തിരികെ സർക്കാരിലേക്ക് അടച്ചതായി സഹകരണ ബാങ്ക് അറിയിച്ചതായി ഗ്രാമപഞ്ചായത്ത് വിശദീകരിച്ചു. എന്നാൽ സേവന സോഫ്റ്റ്‌വെയർ പ്രകാരം തുക തിരികെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ആയതിനാൽ 50,600/-രൂപ തിരികെ അടവാക്കിയെന്ന് സേവന

സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ ക്രമ നമ്പർ 6 (ഇന്ദിര സുഗതൻ, പള്ളത്ത്, കുഴപ്പിള്ളി, നൽകിയ തുക-10900/-),ക്രമ നമ്പർ 8 (ദാസൻ, നികത്തിൽ, കുഴപ്പിള്ളി, നൽകിയ തുക-1800) എന്നീ ഗുണഭോക്താക്കൾക്ക് ജൂലൈ 2019 ന് ശേഷമുള്ള പെൻഷൻ ബാങ്കിൽ ലഭിച്ചിട്ടില്ല എന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഈ ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് എത്രയും വേഗം അവകാശികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 1-18 കരാറുകാർ ജി എസ് ടി ഇൻവോയ്സ് ഹാജരാക്കുന്നില്ല

പഞ്ചായത്ത് 2019-20 വർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തിമൂല്യം 2,50,000 /- രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് GST ഇനത്തിൽ 12 ശതമാനം തുക അധികമായി പഞ്ചായത്ത് നല്കുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് GST ഇനത്തിൽ TDS പിടിക്കാത്തതുകാരണം, കരാറുകാരൻ ഫയൽ ചെയ്യുന്ന GST റിട്ടേണിൽ ഈ പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കാനോ, ബോധ്യപ്പെടാനോ ഉള്ള സംവിധാനം നിലവിൽ പഞ്ചായത്തിന് ഇല്ലെന്ന് ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20, തീയതി.23.07.2021) അസി. എഞ്ചിനീയർ മറുപടി നല്കി.

2017 ലെ GST നിയമം വകുപ്പ് 31(2) പ്രകാരം നികുതി ബാധകമായ എല്ലാ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. പ്രസ്തുത ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തും എന്നതിനാൽ ഇപ്രകാരമുള്ള ഇൻവോയ്സ് കരാറുകാരിൽ നിന്ന് അസി. എഞ്ചിനീയർ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-19 ആസ്തി സംരക്ഷണം

പഞ്ചായത്തിലെ ആസ്തി സംരക്ഷണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

2. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

3. ആസ്തി രജിസ്റ്റർ നിലവിലെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 10, തീയതി 23.07.2021) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗും റിപ്പോർട്ടിംഗും പരിപാലനവും ഉറപ്പുവരുത്തുന്നതിനായി അസറ്റ് മാനേജ്മെന്റ്&മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് മാനുവലിൽപ്പറഞ്ഞിരിക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും, ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതുമാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2395 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 3111 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 46400 |

| | |
|---|---|
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 326 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 13980186 |

ഓഡിറ്റ് വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം ലേബർ ബജറ്റിലുൾപ്പെടുത്തി 916 വർക്കുകൾ രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയത് 248 പ്രവൃത്തികളാണ്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം താഴെപ്പറയുന്നു.

| 2019- 20 വർഷത്തെ പദ്ധതികളുടെ വിവരണം | ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ എണ്ണം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| ജലനിർഗ്ഗമന ചാലുകളുടെ പുനരുദ്ദാരണം | 63 | 19 |
| കൃഷിക്ക് നിലമൊരുക്കൽ | 41 | 26 |
| ദുർബല കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ | 15 | 13 |
| കോഴിക്കൂട് നിർമ്മാണം | 130 | 50 |
| ആട്ടിൻകൂട് നിർമ്മാണം | 39 | 8 |
| പശുതൊഴുത്ത് നിർമ്മാണം | 26 | 4 |
| സോക്ക് പിറ്റ് നിർമ്മാണം | 156 | 18 |
| കംമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 72 | 15 |
| ചിറ ബലപ്പെടുത്തൽ | 45 | 21 |
| ബീച്ച് പരിസരത്ത് കാറ്റാടിതൈ നട്ടുപിടിപ്പിക്കൽ | 2 | 1 |
| നഴ്സറി നിർമ്മാണം | 13 | 3 |
| ലൈഫ് ഭവനപദ്ധതി നിർമ്മാണം | 130 | 65 |
| കയർ ഭൂവസ്ത്രം വിരിക്കൽ | 3 | 1 |
| കിണർ റീചാർജ്ജ് | 156 | 1 |
| ജൈവവേലി നിർമ്മാണം | 12 | 1 |
| തീറ്റപുൽ കൃഷി | 13 | 2 |
| ആകെ | 916 | 248 |

തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. വർക്കുകളുടെ പൂർത്തീകരണത്തിനുശേഷം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കേണ്ട എല്ലാ വർക്കുകൾക്കും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഡിസ്പ്ലേ ബോർഡുകൾ ഓരോ വർക്കുകൾക്കും പ്രത്യേകമായി നിർമ്മിക്കുകയാണ് നിലവിൽ ചെയ്യുന്നത്. ഓരോ ബോർഡിനും 4000 രൂപ വെച്ചാണ് നിലവിൽ ചെലവഴിച്ചിരിക്കുന്നത്. നല്ലൊരു ശതമാനം വർക്കുകൾക്കും ഡിസ്പ്ലേ ബോർഡുകൾ വേണമെന്നിരിക്കെ, ആകെ ആവശ്യമുള്ള ബോർഡുകളുടെ എണ്ണം കണക്കാക്കി ടെണ്ടർ നടപടിയിലൂടെ ഇവ സമാഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മരാമത്ത് വർക്കുകളുടെ സാധന സാമഗ്രികളുടെ വിതരണവും ഫോം വർക്കും നടത്തുന്നതിനായി ഓരോ വർക്കുകൾക്കും ടെണ്ടർ മുഖേന തെരഞ്ഞെടുത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

3. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴും, പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷവുമുള്ള ഫോട്ടോകൾ NREGA വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുതിന്റെ പ്രിന്റ് ഔട്ട് ചില ഫയലുകളിൽ ഉള്ളടക്കം ചെയ്യിട്ടില്ല.

4. തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 2019-20 വർഷത്തിൽ നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

## 1-21 ആസൂത്രണ സമിതി യോഗം കൃത്യമായി ചേരുന്നില്ല

പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ മാർഗരേഖ പ്രകാരം (29.01.2018 തീയതിയിലെ ജി.ഓ.(ആർ.ടി.)11/2018/ത.സ്വ.ഭ.വ) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ അംഗങ്ങളായും,

ശ്രീ.സി.എൻ.ദിവാകരൻ ഉപാദ്ധ്യക്ഷനായും, വിദഗ്ദ്ധർ/സന്നദ്ധ സേവകരെയും ചേർത്ത് 2019-20 വർഷത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും, രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സമിതി ഒരു പ്രാവശ്യം മാത്രമാണ് (28.10.2019 ൽ) യോഗം ചേർന്നിട്ടുള്ളത് എന്ന് കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ നിർവ്വഹണ കാര്യങ്ങളിൽ സജീവമായി ഇടപെടേണ്ട ആസൂത്രണ സമിതി, പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും യോഗം ചേരാതിരുന്നത് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആസൂത്രണ സമിതി യോഗം ആവശ്യാനുസരണം വിളിച്ച് ചേർക്കേണ്ടതും, പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ കൃത്യമായി നടത്തേണ്ടതുമാണ്.

## 1-22 ഗ്രാമസഭ സംബന്ധിച്ച അപാകതകൾ

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്- 2019-2020 ഗ്രാമസഭ സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

എ) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭായോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019-2020 സാമ്പത്തിക വർഷം രണ്ട് തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 നവംബർ | 1. 2020-21 വാർഷിക പദ്ധതി രൂപീകരണം.<br>2. 2019-2020 വാർഷിക പദ്ധതി വിവിധ പദ്ധതികൾക്ക് അഡീഷണൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ.<br>3. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2020-21 ലെ ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകാരം.<br>4. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം. |
| 2 | 2020 ഫെബ്രുവരി | തദ്ദേശ സ്ഥാപനതല ദുരന്തനിവാരണ പദ്ധതി സംബന്ധിച്ച്. |

ബി) 29-01-2018 ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖ ചട്ടം 11.3.4പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018) ഖണ്ഡിക 11.3.8 പ്രകാരം ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമമുൻഗണനാ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം. എന്നാൽ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് വാർഡ് 6 ൽ 26.02.2019 ൽ ചേർന്ന ഗ്രാമസഭ സംബന്ധിച്ച ഗ്രാമസഭാ മിനുറ്റ്സ് ബുക്കിൽ 2019-2020 സാമ്പത്തികവർഷത്തെ വിവിധ പദ്ധതികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളെ നിശ്ചയിച്ച് ഗ്രാമസഭയിൽ ഈ വിധത്തിൽ അംഗീകരിച്ചത് സുതാര്യമായ നടപടിയല്ല.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് കൃത്യമായ മാർക്ക് നൽകി ആയത് അവരെ ബോധിപ്പിച്ച് ഗ്രാമസഭ മിനുറ്റ്സ് ബുക്കിൽ മാർക്ക് സഹിതം രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ

കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്യും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 8000000 | വിവിധ റോഡുകളുടെ നിർമ്മാണം | 3891897 | 4108103 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1646040 | ലൈഫ് ഭവന പദ്ധതി | 1640000 | 6040 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 251343 | പാൽ സബ്സിഡി | 250000 | 1343 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ(99/20) | 72/19-20, 21.11.19 | 192529 | 192529 | 0 |

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 17,79,984/-രൂപയും, കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 7,68,175/-രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201, 460500202). പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരം ഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ (ആർ .ടി ) 952/2010/ തസ്വഭവ തീയതി 19.03.2010 | 7545165 | 511728 | 511728 | 0 | 0 |
| ലൈഫ് ഭവനം. (കെ യു ആർ ഡി എഫ് സി) | - | 12583917 | 12583917 | 1279412 | 0 | 11304505 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2009-10 | -- | 2009 മാർച്ച് 31 | 3.2.9.1 | പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ | 2017 ജനുവരി മാസത്തിന്റെ തുടക്കത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി . അതോടെ |

| | | | | | |
|---|---|---|---|---|---|
| | | | | | നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് 51333/- രൂപയിൽ നിന്ന് 70875/- ആയി വർദ്ധിക്കുകയു ണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകു മെന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന പൊതുടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കു വാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമയ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയത് പ്രകാരം 24.02.2018 ൽ 56728/- രൂപ വാട്ടർ അതോറിറ്റിക്ക് അടവാക്കിയി ട്ടുള്ളതാണ്. ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരി ക്കുന്നതാണ്. പ്ലാനിംഗ് ഓഫീസ് മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളു ന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | അപാകത പരിഹരിച്ചു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42278224.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46021000.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി3)-714(1)/18 തീയതി 14.09.18 |
| 1999-2000 | എൽ.എഫ്.ഇ (പി3)-714(2)/18 തീയതി 14.09.18 |
| 2001-02 | കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19 തീയതി 18.07.19 |
| 2003-04 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19 തീയതി 18.07.19 |
| 2007-08 | കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18 തീയതി 14.09.18 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19 തീയതി 18.07.19 |
| 2014-15 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19 തീയതി 18.07.19 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി3)2040/16/ തീയതി 30.07.18 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17 തീയതി 21.10.17 |
| 2017-18 | കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018 തീയതി 02.11.18 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം.(പി3)-283/2020 തീയതി 19.03.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം,
എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്